(ഡി) കെ.എസ്.ഇ.ബി.-യിൽ നിലവിൽ നിയമനനിരോധനമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗ് PDA നടപ്പാക്കിയത്, കമ്പ്യൂട്ടർവൽക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലിഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ക്യാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കെ.എസ്.ഇ.ബി.-യിലെ വിവിധ തസ്തികകളിലെ ഒഴിവ് വിവരങ്ങൾ ആവശ്യപ്പെടുകയും പ്രസ്തുത വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പരിശോധനാ റിപ്പോർട്ടൊന്നും ബോർഡിൽ ലഭിച്ചിട്ടില്ല.

**കെ.എസ്.ഇ.ബി.-യുടെ വരുമാനകമ്മി നികത്തുന്നതിന് വൈദ്യുതി നിരക്ക് വർദ്ധനവ്**

165 (1929) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് എങ്കിൽ വിശദാംശം നൽകുമോ;

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2013 നവംബർ ഒന്ന് വരെയുള്ള ബാധ്യതകൾ സർക്കാർ ഏറ്റെടുത്തിരുന്നോ;

(സി) നിലവിൽ കെ.എസ്.ഇ.ബി.-ക്ക് വരുമാനം കമ്മിയുണ്ടോ;എങ്കിൽ എത്രയാണ്;

(ഡി) പ്രസ്തുത കമ്മി നികത്തുന്നതിനായിട്ടാണോ വൈദ്യുതി നിരക്ക് 2017 ഏപ്രിൽ 18 മുതൽ വർദ്ധിപ്പിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിലെ കണക്കു പ്രകാരം റവന്യൂ കമ്മി 313.29 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. പ്രസ്തുത വർഷത്തിലെ അർദ്ധ വാർഷിക കണക്കു പ്രകാരം (ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ 2016 വരെ) റവന്യൂ കമ്മി 730.33 കോടി രൂപയാണ്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2013 നവംബർ ഒന്ന് വരെയുള്ള ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടില്ല.

(സി) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 17-4-2017-ലെ ഉത്തരവിലൂടെ സ്വമേധയാ ഉള്ള നടപടിക്രമങ്ങളിലൂടെ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച (ARR & ERC) ഉത്തരവിറക്കിയിട്ടുണ്ട്.

ടി ഉത്തരവു പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 400.12 കോടി രൂപയുടെ വരുമാന കമ്മിയും 2017-18 സാമ്പത്തിക വർഷത്തിൽ 490.92 കോടി രൂപയുടെ ലാഭവും ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ട്രൂ-അപ്പ് പെറ്റീഷനുമേൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം 2012-13 സാമ്പത്തിക വർഷം വരെയുള്ള ട്രൂ-അപ്പ് ഉത്തരവ് പ്രകാരം നികത്താതെയുള്ള വരുമാന കമ്മി 4944 കോടി രൂപയാണ്. (എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്കുപ്രകാരം ഇത് 7171.50 കോടി രൂപയാണ്.)

(ഡി) 2012-13 സാമ്പത്തിക വർഷം വരെയുള്ള കമ്മീഷന്റെ ട്രൂ-അപ്പ് ഉത്തരവ് പ്രകാരം നികത്താതെയുള്ള ആകെ വരുമാനകമ്മി 4944 കോടി രൂപയാണ്. ടി വരുമാന കമ്മിയുടെ ഒരു ഭാഗം മാത്രമാണ് (1040.92 കോടി രൂപ) 2017-18 സാമ്പത്തിക വർഷത്തിൽ നികത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ടി തുകയിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഉണ്ടാകുമെന്ന് കമ്മീഷൻ നിജപ്പെടുത്തിയിട്ടുള്ള (സ്വമേധയാ ഉള്ള നടപടിക്രമങ്ങളുടെ ഭാഗമായി) 490.92 കോടി രൂപയുടെ ലാഭം തട്ടി കിഴിച്ചതിനുശേഷം ബാക്കിയുള്ള 550 കോടി രൂപ മാത്രം താരിഫ് വർദ്ധനവിലൂടെ ഈ വർഷം ഈടാക്കാനുള്ള ഉത്തരവാണ് കമ്മീഷൻ നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly